25-02-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/02/2022

1. പ്രധാനമന്ത്രി ഫസൽ ബീമ യോജന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള രണ്ടാം വിള കാലത്തെ ഇൻഷ്വറൻസ് പോളിസികൾ നാളെ **(ഫെബ്രുവരി 26)** മുതൽ കർഷകരുടെ വീടുകൾ എത്തിക്കുന്നു. **മേരി പോളിസി മേരി ഹാത്ത്** എന്ന ഈ ക്യാമ്പയിന്റെ ഉദ്ഘാടനം നാളെ (26/2/2022) എടത്വയിൽ വച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും.

2. കർഷകരുടെ സ്വന്തം കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക വികസനത്തിന് ഗുണപരമായി വ്യാപിപ്പിക്കുന്നതിനും മലപ്പുറം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം, കൃഷി വകുപ്പ്, ആത്മ എന്നിവയുടെ സഹായത്തോടെ **ഫാർമർ ഇന്നവേഷൻ മ്യൂസിയ**ത്തിന് തുടക്കമിടുന്നു. ജില്ലയിലെ കർഷകർ രൂപപ്പെടുത്തിയ നൂതന വിദ്യകളും കൃഷി പ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിനു സ്വയം കണ്ടു പിടിച്ച ഉപകരണങ്ങളും മറ്റും സംസ്ഥാനത്തിലെ മറ്റു കർഷകർക്ക് അറിയാനും പ്രാവർത്തികമാക്കുവാനും ഉതകുന്ന തരത്തിൽ കർഷകർക്ക് പ്രദർശിപ്പിക്കാൻ സൗകര്യങ്ങൾ ഒരുക്കും. താത്പര്യമുള്ള കർഷകർ പി കെ അബ്ദുൽ ജബ്ബാർ, അസിസ്റ്റന്റ് പ്രൊഫസറുമായി ഇന്ന് (ഫെബ്രുവരി 25 ന്) **9447228022** എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

3. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൃഷിവകുപ്പ് സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി ജനകീയ ക്യാമ്പയിൻ നടപ്പിലാക്കുന്നു. **'ഞങ്ങളും കൃഷിയിലേക്ക്'** എന്ന പേരിൽ നടപ്പാക്കുന്ന ഈ ജനകീയ ക്യാമ്പയിനു വേണ്ടി ലോഗോ തെരഞ്ഞെടുക്കുന്നതിനായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. പി എൻ ജി (.png) ഫോർമാറ്റിൽ തയ്യാറാക്കിയ ലോഗോ ഇന്ന് (25 /02 /2022 ന്) മൂന്ന് മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ fiblogo@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മെയിലിൽ രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0471-2318186** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. പരിയാരം വെറ്ററിനറി പോളിക്ലിനിക്കിന്റെ നേതൃത്വത്തിൽ 28 ദിവസത്തിന് മുകളിൽ പ്രായമുള്ള കോഴി, താറാവ് എന്നിവയ്ക്ക് മാർച്ച് 17 വരെ എല്ലാ ദിവസവും രാവിലെ 10 മുതൽ 12 വരെ സൗജന്യ പ്രതിരോധ കുത്തിവയ്പ്പ് നൽകുമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

5. **മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ്** എന്ന പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ പൂർണ്ണമായും താല്ക്കാലികമായി, പരമാവധി 90 ദിവസത്തേയ്ക്ക് കർഷകർക്ക് ആവശ്യമായ മൃഗചികിത്സാ സേവനങ്ങൾ വീട്ടുപടിക്കൽ എത്തി നൽകുന്നതിനു വേണ്ടി **വെറ്ററിനറി ഡോക്ടർ, റേഡിയോഗ്രാഫർ, ഡ്രൈവർ കം അറ്റന്റന്റ്** തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു. വെറ്ററിനറി ഡോക്ടർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ഇന്ന് (25-02-2022) **രാവിലെ 10:30** മണിക്കും റേഡിയോഗ്രാഫർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ **രാവിലെ 11:30** മണിക്കും ഡ്രൈവർ കം അറ്റന്റന്റ് തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ **ഉച്ചയ്ക്ക് ശേഷം 02:00** മണിക്കും ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം എറണാകുളം സൗത്ത്, ക്ലബ്ബ് റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0484-2360648** ഫോൺ നമ്പറിൽ ഓഫീസ് പ്രവർത്തന സമയങ്ങളിൽ ലഭ്യമാണ്.

6. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി.)-ൽ ലഭ്യമായിട്ടുള്ള മെഷീനറികൾ, ടെസ്റ്റിങ് ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് റബ്ബർബോർഡ് അവസരം നൽകുന്നു. വ്യവസായസ്ഥാപനങ്ങളിൽനിന്ന് സാക്ഷ്യപ്പെടുത്തിയവർക്കും പുതിയ വ്യവസായങ്ങളിൽ ഏർപ്പെടാൻ താൽപര്യവും കഴിവും ഉള്ളവരുമായ വ്യക്തികൾക്കും അവരുടെ ഉത്പന്നങ്ങളുടെ വികസനവും പരിശോധനകളുമായി ബന്ധപ്പെട്ട് സ്വന്തമായി പ്രോട്ടോടൈപ്പുകളും സാമ്പിളുകളും ഉണ്ടാക്കുന്നതിനുള്ള പരീക്ഷണങ്ങൾക്ക് മിതമായ നിരക്കിൽ ഈ സൗകര്യം ഉപയോഗിക്കാൻ കഴിയും. സാമ്പിളുകൾ നിർമ്മിക്കുന്നതിനും പരീക്ഷണങ്ങൾ നടത്തുന്നതിനും ആവശ്യമായ എല്ലാ വസ്തുക്കളും ഗുണഭോക്താക്കൾ തന്നെ കൊണ്ടുവരേണ്ടതാണ്. വിദ്യാർത്ഥികൾ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംരംഭകർ, ഗവേഷകർ തുടങ്ങിയവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് **0481 – 2353325** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന എ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

7. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു വരെ (ഫെബ്രുവരി 25 വരെ) കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. കേരള കാർഷിക സർവകലാശാലയുടെ സുവർണ്ണ ജൂബിലിയുടേയും **ആസാദി കാ അമൃത് മഹോത്സവി**ന്റേയും ഭാഗമായി പീലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം മാർച്ച് 5,6 തീയതികളിൽ നടത്തുന്ന **തെങ്ങധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ** പരിശീലന പരിപാടിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ **മാർച്ച്** 01-നു മുമ്പായി **9846334758** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി മാർച്ച് ആദ്യ പകുതിയിൽ **പശുവളർത്തൽ, ആടുവളർത്തൽ, ബ്രോയിലർ കോഴി വളർത്തൽ, താറാവ് വളർത്തൽ** എന്നീ വിഷയങ്ങളിൽ ക്ലാസ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **0494 – 2962296** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.